**Mathrubhumi**

**22 August 2018**

**Paravoor, Flood, Relief Camp**

# ക്ഷേത്ര ഊട്ടുപുര ദുരിതാശ്വാസ ക്യാമ്പായി

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള പെരുവാരം മഹാദേവ ക്ഷേത്ര ഊട്ടുപുരയും വെള്ളപ്പൊക്കത്തിൽ ദുരിതാശ്വാസ ക്യാമ്പായി പ്രവർത്തിച്ചു.

135 പേരാണ് ഇവിടെ രജിസ്റ്റർ ചെയ്തതെങ്കിലും ഊട്ടുപുരയിൽ ഉണ്ടാക്കുന്ന ഭക്ഷണം കഴിക്കാൻ ജാതിയോ മതമോ നോക്കാതെ ഓരോ ദിവസം 350 പേർ എത്തിയിരുന്നു.

ക്ഷേത്രത്തിന്റെ പരിസര പ്രദേശങ്ങളിലുള്ളവരും ദൂരെയുള്ളവരും വെള്ളക്കെടുതിയിൽ അകപ്പെട്ട് ഊട്ടുപുരയിൽ അഭയം പ്രാപിച്ചിരുന്നു. ദേവസ്വം ഭാരവാഹികളും വിശ്വാസികളും ക്ഷേത്രോപദേശക സമിതി അംഗങ്ങളും ഒക്കെ ചേർന്നാണ് അഭയം തേടിയവർക്ക് ആശ്വാസമരുളിയത്.



പറവൂർ പെരുവാരം മഹാദേവ ക്ഷേത്രത്തിലെ ഊട്ടുപുരയിലെ ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്നവർ